പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. 228 | 18.02.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ലബോറട്ടറി സംവിധാനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ശിവൻകുട്ടി**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**,, ജി.സുധാകരൻ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ ആശുപത്രികളിൽ സ്കാനിംഗ് ഉൾപ്പെടെ സൗജന്യ ലബോറട്ടറി സംവിധാനം ഒരുക്കുമെന്ന പ്രഖ്യാപനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | എ) | ആരോഗ്യവകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രിയിൽ ലബോറട്ടറി സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്. ലബോറട്ടറി സംവിധാനം നിലവിലില്ലാത്ത സി.എച്ച്.സി, പി.എച്ച്,സി എന്നിവിടങ്ങളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ എൻ. എച്ച്. എം വഴി തുടങ്ങിയിട്ടുണ്ട്.ലബോറട്ടറി സംവിധാനം നിലവിലില്ലാത്ത ആശുപത്രികളിൽ മാനേജ്മെന്റ് വഴിയും ഇത്തരം സംവിധാനം നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള സ്റ്റേറ്റ് റീജിയണൽ പബ്ളിക് ഹെൽത്ത് ലാബ് വഴിയും ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് വേണ്ടിയും ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. അൾട്രാ സൗണ്ട് സ്കാനിംഗ്, സി.റ്റി സ്കാനിംഗ്, തുടങ്ങിയവ ഓരോ വർഷത്തെയും ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. നിലവിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലെ സ്കാനിംഗ് യൂണിറ്റുകളും ലബോറട്ടറിസംവിധാനവും പ്രവർത്തന ക്ഷമമാണ്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് ആർ. എസ്. ബി . വൈ/ കാരുണ്യ/ ജെ.എസ്. വൈ, ജെ. എസ്. എസ്. കെ സമഗ്ര ആദിവാസി ആരോഗ്യ പദ്ധതി തുടങ്ങിയവ പ്രകാരം സൗജന്യമായി രോഗ നിർണ്ണയംനടത്തി വരുന്നു. |

| | | | |
|---|---|---|---|
| ബി) | സ്വകാര്യലാബുകളുടെ താല്പര്യാനുസൃതമാണ് പി.എച്ച്.സി.കൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറി സംവിധാനം ഒരുക്കാത്തതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; പാവപ്പെട്ട രോഗികളെ സ്വകാര്യ ലാബുകൾ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | ലബോറട്ടറികൾ ഇല്ലാത്ത പി.എച്ച്. സി, സി.എച്ച്. സി കളിലും ഘട്ടംഘട്ടമായി ഇതു ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ . എച്ച്. എം വഴി നടന്നുവരുന്നു.ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തിരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക ആരോഗ്യ / സാമൂഹിക കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കേരളജനതയ്ക്ക് കുറഞ്ഞ ചെലവിൽ കുറ്റമറ്റ രോഗനിർണ്ണയം പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ 171 പ്രാഥമിക/ സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലെ ലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രി കളുടേയും ലബോറട്ടറികളുടേയും നിയന്ത്രണം രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയ്ക്കു വേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013 ലെ കരട് ബിൽ നം. 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിൽ നിയമ നിർമ്മാണം ഉണ്ടാകുന്നതോടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ